## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2002. 14.07.2011-ൽ മറുപടിക്ക്.

### ജലഗതാഗതം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ. ഇ. കെ. വിജയൻ :<br>ശ്രീമതി. ഗീതാ ഗോപി : | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലഗതാഗതം വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ജലഗതാഗതം വിപുലപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സംസ്ഥാന ജലഗതാഗതവകുപ്പ് ശ്രമിച്ചു വരികയാണ്.ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് സർവ്വീസ് ഉടൻ പുനരാരംഭിയ്ക്കുന്നതാണ്. കൂടാതെ കുട്ടനാടൻ മേഖലയിലെ യാത്രാക്ലേശം ഒഴിവാക്കാൻ നെടുമുടി - വേണാട്ടുകാട് - കൈനകരി സർക്കുലർ സർവ്വീസും ആലപ്പുഴയിൽ നിന്നും ടൂറിസ്റ്റ് കം പാസഞ്ചർ സർവ്വീസായി ഒരു സർക്കുലർ സർവ്വീസും ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർവ്വീസ് ബോട്ടുകളിൽ കേരള ഇൻലാന്റ് വെസൽസ് റൂൾസ് നിഷ്കർഷിച്ചിട്ടുള്ള ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ് മുതലായവ നല്കുകയും, ബോട്ടുകൾ തമ്മിലും, ഓഫീസുകളുമായും ബന്ധപ്പെടുന്നതിനായി ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് ടെലഫോൺ സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാർക്കും യാത്രക്കാർക്കും 'സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ' മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ |

| | | | |
|---|---|---|---|
| | | | ഉൾനാടൻ ജലഗതാഗത വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഏകദേശം 101 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിലായി 2006-2010 കാലയളവിൽ നടത്തിയിട്ടുണ്ട്. കൊല്ലം മുതൽ കോട്ടപ്പുറംവരെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ജലപാത വികസന പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. NABARD RIDF XVI -ൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി 80.13 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ അംഗീകാരം നൽകിയ (5.98 കോടി) കോട്ടയം ഡിവിഷന്റെ കീഴിലുള്ള പണികൾ നടന്നുവരുന്നു. ആലപ്പുഴ - എറണാകുളം ഡിവിഷനുകളിലായി 16.37 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ടെൻഡർ നടപടികളിലാണ്. 13.87 കോടി രൂപയുടെ പണികൾ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തിയും നടന്നു വരുന്നു. |
| (ബി) | ഇതിലേയ്ക്കായി ജലപാതകൾ പുതുക്കി പണിയേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) | നിലവിൽ ബോട്ടു സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ തന്നെയാണ് ജലഗതാഗത വകുപ്പ് പുതിയ സർവ്വീസുകളും നടത്തുന്നത്. അതിനാൽ ടി സർവ്വീസുകൾക്ക് ജലപാതകൾ പുതുക്കി പണിയേണ്ട ആവശ്യമില്ല. എന്നാൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ കോവളം മുതൽ കാസർകോഡ് വരെയുള്ള ജലപാതയിൽ പുനരുദ്ധാരണ പണികൾ പൂർത്തീകരിച്ച സ്ഥലങ്ങൾ ഒഴികെ കൊല്ലംതോട്, പൊന്നാനി - കൊച്ചി, കനോലി കനാൽ, ബേപ്പൂർ - കല്ലായി കനാൽ, സുൽത്താൻ കനാൽ, വടകര - മാഹി കനാൽ, കുപ്പം റിവർ, കൊറ്റി - കോട്ടപ്പുറം തുടങ്ങിയവ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജല ഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്താൻ യോഗ്യമായ എത്ര ബോട്ടുകൾ ഇപ്പോഴുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | സർവ്വീസ് യോഗ്യമായ 48 ബോട്ടുകൾ ഇപ്പോൾ വകുപ്പ് വശം ഉണ്ട്. |

സെക്ഷൻ ഓഫീസർ.